അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - പൊതുവിതരണം - പുതിയ ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

ജി.ഒ (എം.എസ്) നം.38/11/ഭ.സി.സ.വ തീയതി, തിരുവനന്തപുരം, 05.11.2011

പരാമർശം :- 18.07.2001 -ലെ ഗ്രാമവികസന കമ്മീഷണറുടെ 15271/ഡിപി1/11/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

റേഷൻ കാർഡുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുവാനായി ബി.പി.എൽ - സർവ്വേ 2009 പ്രകാരം തയ്യാറാക്കിയ പുതിയ ബി.പി.എൽ ലിസ്റ്റ് പരാമർശത്തിലെ കത്ത് മുഖേന ഗ്രാമവികസന ഡയറക്ടർ സർക്കാരിനും, സിവിൽ സപ്ലൈസ് ഡയറക്ടർക്കും ലഭ്യമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എ.പി.എല്ലിൽ നിന്നും ബി.പി.എല്ലിലേക്ക് മാറ്റി റേഷൻ കാർഡുകൾ വിതരണം ചെയ്യണമെന്ന നിരവധി അപേക്ഷകൾ ജില്ലാ കളക്ടർമാർക്ക് ലഭിക്കുന്നുണ്ട്. ഇങ്ങനെയുള്ള അപേക്ഷകൾ പുതിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് ബി.പി.എൽ കാർഡുകൾ ലഭ്യമാക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവ് പ്രകാരം

വി.വി.വിനയകുമാർ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ